## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 2502 18.02.2016 -ൽ മറുപടിക്ക്

## തൊഴിൽ നൽകുന്നതിനു നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.വി. ശ്രേയാംസ് കുമാർ<br>ശ്രീ. റോഷി അഗസ്റ്റിൻ<br>ഡോ. എൻ. ജയരാജ് | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി) |
| (എ) തൊഴിലന്വേഷകരുടെ അഭിരുചിക്കനുസൃതമായി തൊഴിൽ ലഭിക്കുന്നതിന് ഉതകുന്ന എന്തെല്ലാം കർമ്മ പദ്ധതികളാണ് ഈ സർക്കാർ നടപ്പാക്കിയതെന്ന് വ്യക്തമാക്കുമോ; | (എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ തൊഴിൽ നൈപുണ്യ കേന്ദ്രങ്ങളാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ എംപ്ലോയബിലിറ്റി സെന്റർ എന്ന പദ്ധതി നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസസ് വകുപ്പ് മുഖേന നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) – ന്റെ കീഴിൽ നഴ്സിംഗ് മേഖലയിൽ നൈപുണ്യ വികസനത്തിനായി NICE (Nursing Institute for Career Enhancement) എന്ന സ്ഥാപനവും സെക്യൂരിറ്റി (നാഷണൽ) മേഖലയിൽ നൈപുണ്യ വികസനത്തിനായി CATS (Centre for Advanced Training in Security) എന്ന സ്ഥാപനവും ഓയിൽ & റിഗ് മേഖലയിൽ മികവിന്റെ കേന്ദ്രമായ എൻലൈറ്റൻ സ്കിൽസ് ട്രെയിനിംഗ് പ്രോഗ്രാം ഇൻ ഓയിൽ & റിഗ് (ESPOiR) എന്ന സ്ഥാപനവും ഗ്രാമീണ യുവാക്കളുടെയും സ്കൂൾ കോളേജ് വിദ്യാർത്ഥികളുടെയും നൈപുണ്യ വികസന ത്തിനായി കൗശൽ കേന്ദ്രകമ്മ്യൂണിറ്റി സ്കിൽ പാർക്കുകളും കൺസ്ട്രക്ഷൻ മേഖലകളിൽ തൊഴിൽ പ്രഫഷണലുകളെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ Indian Institute of Infrastucture and Construction (IIIC) എന്ന പേരിൽ ഒരു കൺസ്ട്രക്ഷൻ അക്കാദമിയും തൊഴിൽ രഹിതരായ ചെറുപ്പക്കാർക്ക് പുതിയ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിലേക്ക് വേണ്ടി Entrepreneurship Development India, Ahmedabad എന്ന സ്ഥാപനവുമായി ചേർന്ന് മികവിന്റെ കേന്ദ്രങ്ങളും ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. Banking & Finance മേഖലയിൽ HEDGE - School of Applied Economics – ഉം Scientific Electrolysis- ൽ LILI – Scientific Electrolysis - നും അക്രഡിറ്റേഷൻ നൽകി പരിശീലനം ലഭ്യമാക്കി വരുന്നു. |

| | |
|---|---|
| (ബി) എംപ്ലോയ്‌മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടും തൊഴിൽ ലഭിക്കാത്തവർക്കും നിഷ്കർഷിച്ചിട്ടുള്ള പ്രായപരിധി കഴിഞ്ഞവർക്കും പ്രത്യേക പരിഗണന നൽകി തൊഴിൽ നൽകുന്നതിനുള്ള നടപടി പരിഗണനയിലുണ്ടോ ; വ്യക്തമാക്കുമോ? | (ബി) പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ